## കോവിഡ് 19 പ്രതിരോധത്തിന് കുടുംബശ്രീയും-4

കൊറോണ വൈറസ് ബാധ പ്രതിരോധിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ നൽകി മുന്നോട്ട് പോകുകയാണ് കുടുംബശ്രീ. മാർച്ച് മാസം പകുതിയോടെ തന്നെ കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളെയും ഉപയോഗപ്പെടുത്തി വൈറസ് വ്യാപനം തടയുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ മറ്റ് പ്രത്യേക പ്രവർത്തനങ്ങളും സർക്കാരിന്റെ തീരുമാനങ്ങൾ അനുസരിച്ച് നൂതന ആശയങ്ങളും കുടുംബശ്രീ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

സംസ്ഥാനതലത്തിൽ രൂപം നൽകി എല്ലാ ജില്ലാമിഷനുകൾക്കും നിർദ്ദേശം നൽകി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കൂടാതെ ഓരോ ജില്ലകളും അതത് പ്രദേശത്തെ സാഹചര്യം അനുസരിച്ചും നിരവധി ആശയങ്ങൾ നടപ്പിലാക്കി വരുന്നു. ഏപ്രിൽ 22 വരെയുള്ള വിശദാംശങ്ങൾ അടിസ്ഥാനപ്പെടുത്തി, സംസ്ഥാനതലത്തിൽ കുടുംബശ്രീ നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു

1. അയൽക്കൂട്ടാംഗങ്ങൾക്ക് 2000 കോടി രൂപ പലിശരഹിത വായ്പയായി ലഭ്യമാക്കാനുള്ള മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിക്ക് ഔദ്യോഗിക ഏപ്രിൽ 22ന് ഔദ്യോഗിക തുടക്കമായി. തിരുവനന്തപുരം കോർപ്പറേഷന് കീഴിലുള്ള അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കി. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2.5 ലക്ഷം അയൽക്കൂട്ടങ്ങളിലെ 35 ലക്ഷം അംഗങ്ങൾക്ക് ഈ വായ്പ ലഭിക്കും.

2. പ്രതിസന്ധി കാലഘട്ടത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി കേരള സർക്കാരിന്റെ സന്നദ്ധസേന പോർട്ടലിലേക്ക് അയൽക്കൂട്ടാംഗങ്ങൾ ഉൾപ്പെടെ കുടുംബശ്രീ കുടുംബാംഗങ്ങൾക്കും പരിശീലന ടീം അംഗങ്ങളും ജീവനക്കാരുൾപ്പെടെ മറ്റ് ബന്ധപ്പെട്ടവർക്കും രജിസ്റ്റർ ചെയ്യാനുള്ള സഹായങ്ങൾ ചെയ്തുവരുന്നു. ഇത്തരത്തിൽ 10,804 പേർ സന്നദ്ധസേന പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും 39,197 പേരുടെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ശേഖരിച്ച് ലഭ്യമാക്കുകയും ചെയ്തു. ഇത്തരത്തിൽ കേരള സർക്കാരിനൊപ്പം സന്നദ്ധ സേവനത്തിനായി 50,001 പേർ മുന്നോട്ടുവന്നു.

3. വിപണിയിൽ മാസ്കുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ വേണ്ടി 306 തയ്യൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഏപ്രിൽ 22 വരെ 21.23 ലക്ഷം മാസ്കുകൾ നിർമ്മിച്ചു. 4783 ലിറ്റർ സാനിറ്റൈസറും കുടുംബശ്രീ സംരംഭ യൂണിറ്റുകൾ മുഖേന ഉത്പാദിപ്പിച്ചു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു. സിവിൽ സപ്ലൈസിന്റെ ഭക്ഷ്യകിറ്റ് തയ്യാറാക്കി വിതരണം നടത്തുന്നതിനായി 25 ലക്ഷം തുണിസഞ്ചികൾ നിർമ്മിച്ച് നൽകുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുകയാണ് 802 തയ്യൽ യൂണിറ്റുകൾ ഏപ്രിൽ 22 വരെ 8.4 ലക്ഷം സഞ്ചികൾ നിർമ്മിച്ച് നൽകി. ഇതോടൊപ്പം തന്നെ എല്ലാ ജില്ലകളിലും കുടുംബശ്രീ വോളന്റിയർമാർ ഭക്ഷ്യകിറ്റ് തയാറാക്കുന്ന പ്രവർത്തനങ്ങളിൽ അതത് ജില്ലകളിലെ ആവശ്യാനുസരണം പങ്കെടുക്കുന്നു. ഏപ്രിൽ 21ലെ കണക്ക് പ്രകാരം വിവിധ ജില്ലകളിലെ 174 സി.ഡി.എസുകളിൽ നിന്ന് 1510 കുടുംബശ്രീ അംഗങ്ങൾ ഈ പ്രവർത്തനങ്ങളുടെ ഭാഗമായി.

4. 1181 കമ്മ്യൂണിറ്റി കിച്ചണുകളാണ് ഏപ്രിൽ 22ന് സംസ്ഥാനത്ത് പ്രവർത്തിച്ചത്. ഇതിൽ 862 കമ്മ്യൂണിറ്റി കിച്ചണുകൾ കുടുംബശ്രീയുമായുള്ള സംയോജനത്തോടെയാണ്

നടത്തിയത്. ഏപ്രിൽ 22 വരെയുള്ള കണക്ക് അനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 346 ജനകീയ ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾക്ക് സമീപം ഭക്ഷണം ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ടെന്ന അവസ്ഥ അറിഞ്ഞ സാഹചര്യത്തിൽ ഇത്തരത്തിലുള്ള 13 ഇടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ടേക്ക് എവേ കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ സംസ്ഥാനത്തുള്ള വിവിധ കൊറോണ കെയർ സെന്ററുകളിലേക്ക് കുടുംബശ്രീ കാന്റീൻ/കാറ്ററിങ് യൂണിറ്റുകൾ വഴി ഇതുവരെ 18,185 ഭക്ഷണപ്പൊതികൾ നൽകി.

5. കേരളത്തിൽ ലോക്ക് ഡൗൺ ആരംഭിക്കുന്നതിന് മുൻപ് തന്നെ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ വിളിച്ചുചേർത്ത് 'ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ' പ്രധാന്യത്തെക്കുറിച്ചും ഏവരും പ്രത്യേകിച്ച് വയോജനങ്ങൾ കരുതലോടെയും ശ്രദ്ധയോടെ ഇരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും 43 ലക്ഷം കുടുംബങ്ങളെ ബോധവത്കരണം നടത്തി. ബ്രേക്ക് ദ ചെയിൻ സന്ദേശത്തോടൊപ്പം തന്നെ വയോജനങ്ങൾ പ്രത്യേക കരുതലോടെ ഇരിക്കണമെന്ന എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം കൂടി ഈ അയൽക്കൂട്ട യോഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു.

6. ലോക്ക് ഡൗണിന് ശേഷം സർക്കാർ തീരുമാനങ്ങളും മറ്റ് പ്രധാന സന്ദേശങ്ങളും ജനങ്ങളിലേക്ക് നേരിട്ടെത്തിക്കാൻ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആശയവിനിമയം നടത്തിവരുന്നു. 1.90 ലക്ഷത്തോളം ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതിലായി ഇതുവരെ 22.5 ലക്ഷം അയൽക്കൂട്ട അംഗങ്ങളെ ഉൾക്കൊള്ളിക്കുകയും ചെയ്തു കഴിഞ്ഞു.

7. ഈ പ്രതിസന്ധികാലത്ത് ഏറ്റവും കൂടുതൽ കരുതൽ വേണ്ടവരാണ് അഗതി കുടുംബങ്ങൾ കേരളത്തിൽ വയോജനങ്ങൾ ഉൾപ്പെട്ട 1.14 ലക്ഷത്തോളം അഗതി കുടുംബങ്ങളെ 2176 റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ഫോൺ വഴി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, വിവിധ സംയോജനങ്ങൾ വഴി സഹായങ്ങൾ ചെയ്തു വരുന്നു. അഞ്ച് ദിവസത്തിലൊരിക്കൽ ഇവരെ ബന്ധപ്പെടുകയും വിവരങ്ങൾ ആരായുകയും ചെയ്യുന്നു. ഏപ്രിൽ 4 മുതൽ തുടങ്ങിയ ഈ പ്രവർത്തനം നാല് ഘട്ടം പൂർത്തിയായി. ഇതുവരെ 1.14 ലക്ഷം കുടുംബങ്ങളിൽ 95 ശതമാനം പേരെയും ഇത്തരത്തിൽ ബന്ധപ്പെട്ടു. ഇവരിൽ നിന്ന് ലഭിച്ച പ്രതികരണങ്ങൾ അടിസ്ഥാനമാക്കി 3525 പേർക്ക് അവശ്യമരുന്നുകളും 2665 പേർക്ക് ആരോഗ്യ സേവനങ്ങളും 4191 പേർക്ക് ഭക്ഷണവും ലഭ്യമാക്കാൻ കഴിഞ്ഞു

8. മറ്റ് അസുഖങ്ങളുള്ളതിനാലും രോഗ പ്രതിരോധശേഷി കുറയുന്നതിനാലും വയോജനങ്ങളിൽ കോവിഡ് 19 രോഗം ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന സാഹചര്യത്തിൽ വയോജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയും കരുതലും നൽകണമെന്ന രീതിയിലുള്ള ക്യാമ്പയിൻ കുടുംബശ്രീ സംഘടിപ്പിച്ചു. ഇത് കൂടാതെ സർക്കാർ നിർദ്ദേശപ്രകാരം ഹോം ക്വാറന്റൈനിലുള്ള കുടുംബങ്ങളിൽ പ്രൈമറി കോൺടാക്ട് 60 വയസ്സിന് മുകളിൽ പ്രായമുള്ളവരായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് പ്രത്യേക ബോധവത്കരണം നടത്തുന്നു. റിസോഴ്സ് പേഴ്സൺമാർ വഴി ഈ കുടുംബങ്ങളെ സ്ഥിരമായി ബന്ധപ്പെടുകയും അവർക്കുള്ള ആവശ്യങ്ങൾ നിറവേറ്റാൻ തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യവകുപ്പുമായും സംയോജനങ്ങൾ നടത്തുന്നു. 783 റിസോഴ്സ് പേഴ്സൺമാർ വഴി ഏപ്രിൽ അഞ്ച് മുതൽ പ്രതിദിനം 5000ത്തോളം പേരെ ഇത്തരത്തിൽ

ബന്ധപ്പെട്ടു. ഏപ്രിൽ 20 വരെ 1185 പേർക്ക് ഭക്ഷണവും 305 പേർക്ക് അവശ്യം മരുന്നുകളും ലഭ്യമാക്കി.

9. കുടുംബശ്രീയിൽ 360 കമ്മ്യൂണിറ്റി കൗൺസിലർ മാരുണ്ട്. ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടവുമായി ചേർന്ന് ഇവരുടെ നേതൃത്വത്തിൽ ആളുകൾക്ക് കൗൺസിലിങ്ങും മാനസിക പിന്തുണയും നൽകി വരുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. മരുന്ന് ലഭ്യമാക്കൽ, ഭക്ഷണക്കിറ്റ് വിതരണം എന്നിങ്ങനെ ജില്ലകളുടെ ആവശ്യമനുസരിച്ചും കമ്മ്യൂണിറ്റി കൗൺസിലർമാർ പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി കൗൺസിലർമാർ, സ്നേഹിത ഉദ്യോഗസ്ഥർ എന്നിവർ വഴി മാർച്ച് 23 മുതൽ ആരംഭിച്ച ഈ പ്രവർത്തനങ്ങൾ വഴി ഇതുവരെ 1 ലക്ഷത്തോളം പേർക്ക് ആവശ്യമായ മാനസിക പിന്തുണയും കൗൺസിലിങ്ങും മറ്റ് സേവനങ്ങളും നൽകി.

10. ഏപ്രിൽ 13 വരെയുള്ള കണക്ക് അനുസരിച്ച് കുടുംബശ്രീയുടെ 12,069 കൃഷിസംഘങ്ങൾ വിളവെടുത്ത 71,590 കിലോഗ്രാം പച്ചക്കറിയും പഴവർഗ്ഗങ്ങളും മറ്റ് കാർഷിക ഉത്പന്നങ്ങളും കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് സംഭാവനയായി നൽകി.

ഇത് കൂടാതെ ഓരോ ജില്ലയും പ്രാദേശികമായ ആവശ്യം പരിഗണിച്ച് ജില്ലകളിൽ നിരവധി പ്രവർത്തനങ്ങളും നടത്തിവരുന്നു.